**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 251** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>റേഷൻ വാങ്ങാത്ത റേഷൻ കാർഡുകൾ അസാധുവാക്കുന്ന നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** തുടർച്ചയായി ആറു മാസം റേഷൻ വാങ്ങാത്തവരുടെ റേഷൻ കാർഡുകൾ അസാധുവാക്കുവാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** NFSA 2013, TPDS (Control) ORDER 2015 എന്നീ കേന്ദ്ര നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളിൽ റേഷൻ വിതരണം നടത്തുന്നത്. തുടർച്ചയായി ആറു മാസം റേഷൻ കൈപ്പറ്റാത്ത മഞ്ഞ (AAY), പിങ്ക് (PHH) റേഷൻ കാർഡുകൾ അസാധുവാക്കുന്നതിനും, ഒന്നിലധികം റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ള ഡ്യൂപ്ലിക്കേറ്റ് ഗുണഭോക്താക്കളെ ഒഴിവാക്കുന്നത് സംബന്ധിച്ചും TPDS (Control) Amendment Order, 2025-ൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അർഹതപ്പെട്ട ഗുണഭോക്താക്കളിൽ ആർക്കും തന്നെ റേഷൻ കാർഡുകൾ നിഷേധിക്കപ്പെടരുത് എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. 6 മാസം തുടർച്ചയായി റേഷൻ വാങ്ങാത്ത കാർഡ് ഉടമകൾക്ക് KYC updation നടത്തി കാർഡുകൾ നഷ്ടപ്പെടാതിരിക്കുന്നതിനായി ക്യാമ്പയിനുകളും ബോധവൽക്കരണവും നടത്തിയിട്ടുണ്ട്.

**(ബി)** ഇ.കെ.വൈ.സി. പൂർത്തിയാക്കുന്നതിനും മുഴുവൻ റേഷൻ കാർഡുടമകളും ഭക്ഷ്യ ധാന്യങ്ങൾ വാങ്ങുന്നതിനും എന്തെല്ലാം പ്രചാരണ പ്രവർത്തനങ്ങളും നടപടികളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** കേന്ദ്ര നിർദ്ദേശപ്രകാരം എൻ.എഫ്.എസ്.എ. ഗുണഭോക്താക്കളായ അന്ത്യോദയ അന്നയോജന (AAY-മഞ്ഞ കാർഡ്), മുൻഗണനാ വിഭാഗം (PHH-പിങ്ക് കാർഡ്) അംഗങ്ങളുടെ e-KYC അപ്ഡേഷൻ 2024 സെപ്റ്റംബർ 18-ന് ആരംഭിച്ചു. ആദ്യഘട്ടത്തിൽ ജില്ലകൾ തിരിച്ച് e-KYC നടപടികൾ ആരംഭിക്കുകയും തുടർന്ന് വിവിധ ഘട്ടങ്ങളിലായി 06.10.2026-ലെ കണക്കുപ്രകാരം ആകെ ഗുണഭോക്താക്കളിൽ 97% പേരുടെ e-KYC അപ്ഡേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റേഷൻ കടകൾ കേന്ദ്രീകരിച്ചും വാർഡ്,താലൂക്ക് തലങ്ങളിലും ക്യാമ്പുകൾ സംഘടിപ്പിച്ചും റേഷൻ വിതരണത്തിന് തടസ്സമുണ്ടാകാതെയും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടാതെയും നടപടികൾ ക്രമീകരിച്ചു. റേഷൻ വ്യാപാരികളുടെ സഹായത്തോടെ കിടപ്പുരോഗികളുടെ വീടുകളിലെത്തിയും e-KYC അപ്ഡേഷൻ നടത്തിയിരുന്നു.

അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും പൊതുവിതരണ സംവിധാനത്തിലൂടെ ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ആനുകൂല്യം ഉറപ്പാക്കുന്നതിനായി താലൂക്ക്, ജില്ലാതലങ്ങളിൽ നിരീക്ഷണവും തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ